**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1208** **12-02-2025 - ൽ മറുപടിയ്ക്ക്**

**കായലോര റോഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വേലിയേറ്റം വർഷം തോറും രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യവും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനായി കായലോര റോഡ് നിർമ്മാണം എന്ന പദ്ധതി നടപ്പിലാക്കാൻ നിയമപരമായ തടസ്സങ്ങൾ ഉണ്ടോ എന്നറിയിക്കുമോ ; വിശദമാക്കാമോ; | (എ) | തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനായി കായലോര റോഡ് നിർമ്മാണം നടത്തുന്നതിന് മുൻപായി CRZ Clearance ലഭ്യമാക്കേണ്ടതുണ്ട്. |
| (ബി) | കായലുകളിലും തോടുകളിലും അടിഞ്ഞു കൂടിയിരിക്കുന്ന എക്കലും ചെളിയുമുപയോഗിച്ച് തോടുകളുടെയും പുഴകളുടെയും പാർശ്വഭിത്തികൾ കെട്ടി കായലോര റോഡ് നിർമ്മാണത്തിനായി നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ കെ.ആർ.എഫ്.ബി യുടെ പരിധിയിൽ വരുന്ന റോഡുകൾക്ക് എക്കലും ചെളിയും ഉപയോഗിച്ച് പാർശ്വ ഭിത്തി കെട്ടുന്ന നിർമ്മാണപ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തി വരുന്നില്ല. |
| (സി) | വൈപ്പിൻ മണ്ഡലത്തിലെ കായലോര റോഡിന്റെ സാധ്യതാ പഠനത്തിനായി 19.11.2024-ന് പൊതുമരാമത്ത് വകുപ്പ് മന്ത്രിയ്ക്ക് നൽകിയിരുന്നതും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 27.11.2024-ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയ്ക്ക് നൽകിയതുമായ കത്തിൽ (റഫറൻസ് നമ്പർ - 9015997/2024/മിൻ (പി ഡബ്ല്യൂ ഡി )) സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (സി) | റഫറൻസ് നമ്പർ – 9015997/2024/മിൻ (പിഡബ്ല്യൂഡി) കത്തിലെ വിവരങ്ങൾ 05-02-2025 തീയതിയിലെ കത്ത് പ്രകാരം അടിയന്തര റിപ്പോർട്ടിനായി നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് കൈമാറി നൽകിയിരുന്നു. ഈ വിവരം ബഹു. MLA യെ അറിയിച്ച് കത്തയച്ചിട്ടുണ്ട് .കെ. ആർ. എഫ്.ബി കാര്യാലയവുമായി ബന്ധപ്പെട്ട് , വൈപ്പിൻ മണ്ഡലത്തിലെ കായലോരറോഡുമായി ബന്ധപ്പെട്ട പ്രവൃത്തി വല്ലാർപ്പാടം - പനമ്പുകാട് റിംഗ് റോഡ് ആണ്. ടി പദ്ധതിയ്ക്ക് 10.07.2017 തീയതിയിലെ ഉത്തരവ് പ്രകാരം 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ആയത് 12.02.2021 തീയതിയിലെ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ സ്ഥല പരിശോധന PWD ഡിസൈൻ വിംഗ് നടത്തിയതു പ്രകാരം ടി പദ്ധതിയുടെ സ്വഭാവം ഹൈവേ ഡിസൈനിംഗിന്റെ പരിധിയിൽ വരുന്നതല്ല എന്ന് അറിയിച്ചതിനെ തുടർന്ന് കിഫ്ബി ഉദ്യോഗസ്ഥരുമായി ചേർന്ന് നടത്തിയ |

| | | | |
|---|---|---|---|
| | | | സ്ഥലപരിശോധനയിൽ ടി പദ്ധതി ജലസേചന വകുപ്പ് ഏറ്റെടുത്ത് ചെയ്യുന്നതായിരിക്കും അഭികാമ്യം എന്ന് അറിയിച്ചു. പദ്ധതിയുടെ പ്രധാന്യം കണക്കിലെടുത്ത് പദ്ധതിയുമായി മുന്നോട്ട് പോകുവാനും ഹൈവേ സ്കോപ്പിൽ ഉൾപ്പെടാത്തതിനാൽ ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി ഫണ്ടിങ്ങിൽ ജലസേചന വകുപ്പിന്റെ ഡെപ്പോസിറ്റ് വർക്കായി പൂർത്തീകരിക്കാനും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരിക്കുകയാണ് . |

സെക്ഷൻ ഓഫീസർ